(4) കടൽത്തീരത്തെ മത്സ്യത്തൊഴിലാളികൾക്ക് പട്ടയമോ കൈവശരേഖയോ നൽകേണ്ടത് സംബന്ധിച്ച്

ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ : സർ, കേരളത്തിലെ തിരുവനന്തപുരം മുതൽ കാസർകോട് വരെയുള്ള 595 കിലോമീറ്റർ കടൽത്തീരത്തു താമസിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് പട്ടയം കൊടുക്കുന്നതിനെ സംബന്ധിച്ച വിഷയമാണിത്. രണ്ടു ലക്ഷത്തോളം വരുന്ന മത്സ്യത്തൊഴിലാളികളിൽ പകുതിയിലേറെ പേർക്കും സ്വന്തമായി ഭൂമിയില്ല. അവർ വളരെ വർഷങ്ങളായി താമസിക്കുന്ന കൈവശാവകാശത്തിലുള്ള ഭൂമിയ്ക്ക് പട്ടയം ലഭിച്ചിട്ടില്ല. പട്ടയമോ കൈവശാവകാശ രേഖകളോ ലഭിക്കാത്തതുകൊണ്ട് മത്സ്യത്തൊഴിലാളികൾക്ക് നടപ്പിലാക്കുന്ന ഭവന നിർമ്മാണ പദ്ധതിയുടെ ആനുകൂല്യം ഈ തൊഴിലാളികൾക്കു ലഭ്യമാകുന്നില്ല. അഥവാ പട്ടയം കിട്ടാതെ സ്വന്തമായി വീടുവച്ചാൽ അവർക്ക് വൈദ്യുതി കണക്ഷനും അതുമായി ബന്ധപ്പെട്ട യാതൊന്നും ലഭിക്കില്ല. റേഷൻ കാർഡും അതുപോലുള്ള യാതൊരു സൗകര്യങ്ങളും കിട്ടാത്ത തരത്തിൽ മത്സ്യത്തൊഴിലാളികൾ അങ്ങേയറ്റം ബുദ്ധിമുട്ടുകയാണ്. ഈ സാഹചര്യത്തിൽ ലക്ഷക്കണക്കിനുള്ള മത്സ്യത്തൊഴിലാളികൾക്ക് പട്ടയമോ, കൈവശാവകാശ രേഖയോ നൽകാൻ റവന്യൂ വകുപ്പ് അടിയന്തിരമായി നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്താനുള്ളത്.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. ഇ. ഇസ്മയിൽ) : സർ, ഇത് സംസ്ഥാനമൊട്ടാകെയുള്ള പ്രശ്നമാണ്. അതിന് സമാധാനം പറയാൻ ഞാൻ തയ്യാറാണ്. എനിക്ക് തർക്കമില്ല. കാസർകോഡു മുതൽ തിരുവനന്തപുരം വരെയുള്ള കടലോര മേഖലകളിൽ താമസിക്കുന്ന കുറെ മത്സ്യത്തൊഴിലാളികൾക്ക് പട്ടയം കിട്ടിയിട്ടില്ല. പലവിധ തടസ്സങ്ങളാണ്. കേന്ദ്രഗവൺമെന്റിന്റെ നിയമത്തിന്റെയും മറ്റും അടിസ്ഥാനത്തിൽ ഇതു കൊടുക്കാൻ കഴിയാത്ത ഒരു സാഹചര്യം നിലവിലുണ്ടായിരുന്നു. എന്നാൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഞങ്ങൾ മുൻകൈയെടുത്ത് കോഴിക്കോടുമുതൽ തിരുവനന്തപുരം വരെയുള്ള കടലോര മേഖലകളിലെ കുറെ മത്സ്യത്തൊഴിലാളികൾക്ക് പട്ടയം കൊടുത്തു. തിരുവനന്തപുരത്ത് മുഖ്യമന്ത്രി തന്നെയാണ് കൊടുത്തത്. ഇപ്പോൾ ഇതിനുള്ള തടസ്സങ്ങൾ കണക്കിലെടുത്ത് വീടു വയ്ക്കുന്നതിനുവേണ്ടി പട്ടയം നൽകാമെന്ന തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഞങ്ങൾ അതുകൊടുക്കാൻ ആവശ്യമായ നടപടി എടുത്തുകൊണ്ടിരിക്കുകയാണ്. കേന്ദ്ര സർക്കാരിന്റെ തീരദേശ സംരക്ഷണ നിയമപ്രകാരം കടലോര പ്രദേശങ്ങളിൽ വ്യവസായ സ്ഥാപനങ്ങൾ സ്ഥാപിക്കുന്നതിന് നിയന്ത്രണങ്ങൾ ഇപ്പോഴും നിലവിലുണ്ട്. വേലിയേറ്റവും വേലിയിറക്കവും ഉള്ളസ്ഥലങ്ങളിൽ 200 മുതൽ 500 മീറ്റർ വരെ എന്ന പരിധി കേന്ദ്ര സർക്കാർ ഈ കാര്യത്തിൽ നിഷ്ക്കർഷിച്ചിട്ടുണ്ട്. എന്നാൽ ഈ നിബന്ധന ബഹുനിലകെട്ടിടങ്ങൾ ഒഴിച്ചുള്ള പാർപ്പിടാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്ക് ബാധകമല്ലെന്ന് സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. അപ്പോൾ ബഹുനില കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനാണ് ഈ നിയന്ത്രണങ്ങളും നിഷ്ക്കർഷയും നിലവിലുള്ളത്. പാർപ്പിടങ്ങൾ നിർമ്മിക്കുന്നതിന് തടസ്സമില്ലായെന്ന് കേന്ദ്രഗവൺമെന്റ്

LIBRARY ARCHIVES Kerala Legislative Assembly

പറഞ്ഞിട്ടുണ്ട്. പാർപ്പിടത്തിനെന്ന് വ്യക്തമായി ബോദ്ധ്യപ്പെടുന്നതിന്റെ അടിസ്ഥാനത്തിലാണ് ചെയ്യാൻ പോകുന്നത്. അതുകൊണ്ട് അവർക്ക് ഉടൻ പട്ടയം കൊടുക്കാൻ പോവുകയാണ്. കടലോര മേഖലകളിലെ മുഴുവൻ മത്സ്യത്തൊഴിലാളികൾക്കും ഹൈ വാട്ടർ മാർക്ക് 100 അടിക്കകമുള്ള പ്രദേശങ്ങളിലൊന്നും പുറമ്പോക്ക് പതിച്ചു കൊടുക്കാൻ പാടില്ലായെന്നുള്ള വ്യവസ്ഥയുണ്ടെങ്കിലും സ്ഥിരമായി താമസിക്കുന്നവർക്ക് വീടുവച്ച് താമസിക്കുന്നതിന് അനുവദിക്കാവുന്നതാണെന്ന കേന്ദ്ര നിർദ്ദേശമുണ്ട്. എന്നാൽ 200 മുതൽ 500 വരെ മീറ്റർ പരിധിയിൽ ബഹുനില കെട്ടിടങ്ങൾ വയ്ക്കുന്നതിനോ വ്യവസായങ്ങളും അതുപോലുള്ള സ്ഥാപനങ്ങളും വികസിപ്പിക്കുന്നതിനോ പാടില്ലായെന്നുള്ള നിർദ്ദേശമുണ്ട്. അത് കർശനമായി നമ്മൾ നടപ്പിലാക്കും. ദീർഘകാലമായി താമസിക്കുന്ന മുഴുവൻ മത്സ്യത്തൊഴിലാളികൾക്കും വീടുവച്ച് താമസിക്കുന്നതിന് പട്ടയം നൽകണമെന്നതാണ് ഗവൺമെന്റിന്റെ സമീപനം. അതിനാവശ്യമായ നിർദ്ദേശം കൊടുത്തിട്ടുണ്ട്. ചില സ്ഥലങ്ങളിൽ അതു കൊടുക്കുന്നതു സംബന്ധിച്ച് ഫിഷറീസ് ഡിപ്പാർട്ടുമെന്റിന്റെ ചില തടസ്സങ്ങളുണ്ട്. ഞാനും ബഹുമാനപ്പെട്ട ഫിഷറീസ് വകുപ്പുമന്ത്രിയും ചേർന്ന് സംയുക്തമായി ഫിഷറീസ് റവന്യൂ ഉദ്യോഗസ്ഥന്മാരുടെ ഒരു യോഗം ഈ ആഴ്ചതന്നെ വിളിച്ചിട്ടുണ്ട്. ആ യോഗത്തിൽ ആവശ്യമായ തിരുമാനമെടുത്തുകഴിഞ്ഞാൽ ആറു മാസത്തിനുള്ളിൽ കേരളത്തിലെ കാസർകോഡു മുതൽ തിരുവനന്തപുരം വരെയുള്ള തീരപ്രദേശങ്ങളിൽ സ്ഥിരമായി താമസിച്ചുവരുന്ന മത്സ്യത്തൊഴിലാളികൾക്ക് മുഴുവൻ പട്ടയം കൊടുക്കും. യാതൊരു സംശയവുമില്ല. അതിന്റെ നടപടികൾ ആരംഭിച്ചുകഴിഞ്ഞു.

പ്രതിപക്ഷ നേതാവ് (ശ്രീ. എ) കെ. ആന്റണി) : സർ, ഇവിടെ ഒന്നാമത്തെ സബ്മിഷൻ ശ്രീ. ജി. കാർത്തികേയന്റേതാണ്. തിരുവനന്തപുരം നഗരത്തിലെ ചില കോളേജുകളിൽ സ്വതന്ത്രമായി സംഘടനാ പ്രവർത്തനം നടത്താൻ സാധിക്കാത്തത് സംബന്ധിച്ചായിരുന്നു അത്. 3-ാം നമ്പർ ചോദ്യം ഭരണകക്ഷിയിലെ ശ്രീമതി മെഴ്സിക്കുട്ടി അമ്മയുടേത്. തിരുവനന്തപുരം മുതൽ കാസർകോഡു വരെയുള്ള കടൽത്തീരത്തു താമസിക്കുന്ന മത്സ്യത്തൊഴിലാളികളുടെ ഭൂമിക്ക് പട്ടയമോ കൈവശരേഖയോ നൽകണമെന്നായിരുന്ന അത്. ശ്രീ. ജി. കാർത്തികേയന്റെ സബ്മിഷൻ റൂളിനു വിരുദ്ധം. തിരുവനന്തപുരം മുതൽ കാസർകോഡുവരെയുള്ളത് റൂളിന് അനുകൂലം.

മി. സ്പീക്കർ : ആ കാര്യം പരിശോധിച്ചുപറയാം എന്നല്ലേ പറഞ്ഞത്.

ശ്രീ. എ. കെ. ആന്റണി : ..... അല്ല ..... ഇപ്പോൾ .....

മി. സ്പീക്കർ : നോട്ടീസ് എന്താണെന്ന് നോക്കി പരിശോധിച്ചു പറയാമെന്നു പറഞ്ഞല്ലോ.

ശ്രീ. എ. കെ. ആന്റണി : ഇന്നുതന്നെ അതറിയണം. കാരണം ഒരു പന്തിയിൽ രണ്ട് വിളമ്പ് ശരിയല്ല.

മി. സ്പീക്കർ : അങ്ങനെ ഉണ്ടാവുകയില്ലല്ലോ.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. കെ. ആന്റണി : പ്രതിപക്ഷത്തിന് ഒരു നിയമം. ഭരണകക്ഷിക്ക് ഒരു നിയമം. അതു ശരിയല്ല.

മി. സ്പീക്കർ : ഞാൻ പരിശോധിച്ചു പറയാം. മുഖ്യമന്ത്രിക്ക് കിട്ടിയ നോട്ടീസിന്റെ അടിസ്ഥാനത്തിൽ മുഖ്യമന്ത്രി പറഞ്ഞു. അതല്ലായെന്ന് ഇവിടെ ചൂണ്ടിക്കാണിച്ചു. അത് പരിശോധിച്ച് പറയാമെന്ന് ചെയർ പറഞ്ഞല്ലോ. വേറെ യാതൊരു പ്രശ്നവുമില്ല. അതൊന്നും തർക്കത്തിന്റെ പ്രശ്നമല്ല. കൊടുക്കുന്ന നോട്ടീസാണ് അതിന് ആധാരം. ചിലപ്പോൾ അംഗങ്ങൾ എഴുതിത്തരുന്ന നോട്ടീസിൽ എന്തെങ്കിലും അപാകതയുണ്ടെങ്കിൽ ബന്ധപ്പെട്ട വകുപ്പിന്റെ മന്ത്രിമാരുണ്ടല്ലോ. അവർ തിരിച്ചുതരും. പലപ്പോഴും ഞങ്ങൾ പല കറക്ഷൻസും വരുത്താറുണ്ട്. അംഗങ്ങൾക്ക് തിരിച്ചു കൊടുക്കാറുമുണ്ട്. വീണ്ടും അയയ്ക്കാറുണ്ട്. ഇതൊക്കെ നടക്കുന്ന ഒരു പ്രോസ്സസാണ്. നോട്ടീസാണ് ആധാരമെന്ന് ഞാൻ അടിവരയിട്ട് പറയുകയാണ്.

(5) ഐ. സി. ഡി. എസ്. പ്രോജക്ടുകളിലേക്ക് അംഗൻവാടി വർക്കർമാരെയും ഹെൽപ്പർമാരെയും തെരഞ്ഞെടുക്കുന്ന നടപടി

ശ്രീ. ടി. എം. ജേക്കബ് : സർ, നമ്മുടെ സംസ്ഥാനത്ത് സാമൂഹ്യക്ഷേമ വകുപ്പ് ഇന്റഗ്രേറ്റഡ് ചൈൽഡ് ഡെവലപ്മെന്റ് സർവ്വീസ് പ്രോജക്ടുകൾ ബ്ലോക്കുകളിലേയ്ക്ക് വ്യാപിപ്പിച്ചുകൊണ്ടിരിക്കുകയാണ്. ഇത് നൂറു ശതമാനം സെൻട്രലി സ്പോൺസേർഡ് സ്കീമാണ്. കേന്ദ്ര ഗവൺമെന്റ് ഇൻഡ്യയിലെ 5 സ്റ്റേറ്റുകൾ ലോക ബാങ്കിന്റെ സഹായത്തോടുകൂടി പദ്ധതി നടപ്പിലാക്കാൻ വേണ്ടി തെരഞ്ഞെടുത്തപ്പോൾ കേരളത്തെയും തെരഞ്ഞെടുക്കുകയുണ്ടായി. തെരഞ്ഞെടുപ്പിനുശേഷം നടക്കുന്ന ആ നടപടിയെ സംബന്ധിച്ചാണ് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താനുള്ളത്. കേരളത്തിലെ മുഴുവൻ ബ്ലോക്കുകളും ഐ. സി. ഡി. എസ്. പദ്ധതിയുടെ കീഴിൽ വരികയാണ്. 1969 മുതൽ ഫീഡിംഗ് സെന്ററുകളിൽ ഭക്ഷണം പാകം ചെയ്തുകൊടുത്തും കുട്ടികളെ പഠിപ്പിച്ചും, വളർച്ചാ നിരക്ക് അവലോകനം നടത്തിയും, ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിനുള്ള ജോലികളിൽ ഏർപ്പെട്ടും മുഴുവൻ സമയവും ജോലിക്കാരായി കഴിയുന്നവർ ഇന്ന് പിരിച്ചുവിടൽ ഭീഷണിയിലാണ്. ബാലവാടിയിൽ തുല്യജോലിയിൽ തുല്യവേതനവും വാങ്ങുന്ന ഹെൽപ്പർമാർക്ക് ലഭിക്കുന്ന സംരക്ഷണം ഐ.സി.ഡി.എസ്. പദ്ധതിയിൽ യു.ആർ.എസ്. സെന്ററുകളിലെ ഹെൽപ്പർമാർക്കും അർഹതപ്പെട്ടതാണ്. ബ്ലോക്കുകളുടെ കീഴിൽ ബാലവാടികളിലെയും യു. ആർ. എസ്. സെന്ററുകളിലെയും ഹെൽപ്പർമാർ തുടക്കത്തിൽ സൗജന്യമായും പിന്നീട് തുഛമായ വേതനത്തിലും 10 രൂപ മുതൽ 90 രൂപ വരെ വർദ്ധിപ്പിച്ച് ഇപ്പോൾ 460 രൂപ വരെ വേതനം വാങ്ങുന്നുണ്ട്. തുഛമായ ഒരു വേതനമാണിത്. ഇതേ വേതനം വാങ്ങി ഇതേ ജോലി തന്നെയാണ് ഐ. സി. ഡി. എസ്. പദ്ധതിയുടെ കീഴിൽ അംഗൻവാടി ഹെൽപ്പർമാർ ചെയ്യുന്നത്. സംസ്ഥാനത്ത് ഇപ്പോൾ ഐ. സി. ഡി. എസ്. ആയിട്ടുള്ളതും ഇനി ആകാനുമുള്ള ബ്ലോക്കുകളിലെ യു. ആർ. എസ്.സെന്ററുകളിൽ ജോലി ചെയ്യുന്ന ഹെൽപ്പർമാരെ നിലനിർത്തിയതുകൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly